പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 491 29.01.2019 ലെ മറുപടിക്ക്

## കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) പ്രതിവർഷം എത്ര ക്വിന്റൽ വരെ കയർ ഉത്പാദിപ്പിക്കുന്ന പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്കാണ് സർക്കാർ സഹായം നൽകുന്നത്; ഇത് സംബന്ധിച്ച പുതുക്കിയ ഉത്തരവ് നിലവിൽ വന്നതെന്നാണ്; | എ) കയർ ഡയറക്ടറേറ്റ് നടപ്പാക്കുന്ന ധനസഹായ പദ്ധതികളിൽ,<br>1) കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സപ്പോർട്ട് സ്കീം (CCSS scheme) ൽ ധനസഹായം ലഭിക്കാൻ അപേക്ഷ സമർപ്പിക്കുന്നതിന് തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷം 100 ക്വി. കയർ കയർഫെഡിനോ, കയർകോർപ്പറേഷനോ വില്പന നടത്തിയിരിക്കണം. ഇതു സംബന്ധിച്ച പുതുക്കിയ സർക്കാർ ഉത്തരവ് നിലവിൽ വന്നത് 10/8/2017 നാണ്. കൂടാതെ 100 ക്വി.കയർ ഉല്പാദിപ്പിക്കാൻ സാധിക്കാത്ത സംഘങ്ങൾക്ക് തുക സ്വീകരിച്ച തീയതി മുതൽ 6 മാസത്തിനുള്ളിൽ ഉല്പാദനം വർദ്ധിപ്പിക്കണമെന്ന നിബന്ധനയോടുകൂടി 1 ലക്ഷം രൂപ പ്രവർത്തന മൂലധനം നൽകുന്നതിന് 8/2/2018 ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.<br>2) മാനേജീരിയൽ സബ്സിഡി പദ്ധതി വഴി ധനസഹായം ലഭിക്കാൻ പ്രതിവർഷം 100 ക്വി. കയർ ഉല്പാദിപ്പിച്ചിരിക്കണം. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിൽ വന്നത് 16/5/2017 ലാണ്. |
| ബി) സർക്കാർ ഉത്തരവ് പ്രകാരമുള്ള കയർ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ ചകിരി ലഭിക്കാത്തതും തൊഴിലാളികളെ ലഭിക്കാത്തതും ഇത്തരം സംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;<br>സി) ഇത് സംബന്ധിച്ച് സംഘങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | ബി) & സി)<br>കയർ/കയർ ഉല്പന്നങ്ങളുടെ നിർമ്മാണ പ്രക്രിയക്ക് ആവശ്യമായ തോതിൽ ചകിരി ആഭ്യന്തരവിപണിയിൽ ലഭ്യമാകുന്നില്ല എന്നതാണ് കയർ മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. എന്നാൽ ഈ പ്രതിസന്ധി മറികടക്കുന്നതിനാണ് കയർ രണ്ടാം പുന:സംഘടനയിലൂടെ ലക്ഷ്യമിടുന്നത്. നവീന സാങ്കേതിക വിദ്യയിലൂടെ കയർ വ്യവസായത്തിന്റെ ആധുനികവത്ക്കരണം സാദ്ധ്യമാക്കുന്നതിനാണ് കയർ രണ്ടാം പുന:സംഘടന നടപ്പിൽ വരുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തുകളഞ്ഞ് സമ്പൂർണ്ണ യന്ത്രവത്ക്കരണത്തിലൂടെ കയർ മേഖലയുടെ |

| | |
|---|---|
| | ആധുനികവത്ക്കരണമാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ്. സംസ്ഥാനത്ത് ഇതുവരെ പ്രതിദിനം 8000 തൊണ്ട് തല്ലാവുന്ന 50 യന്ത്രവത്കൃത ചകിരി മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഡി.എഫ്. മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.പി.സി. എന്നിവയ്ക്ക് 90% സ്വകാര്യ സംരംഭകർക്ക് 50% പ്രവർത്തനമൂലധനം ഒഴിവാക്കി മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി. വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആധുനികവത്ക്കരണത്തിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരമുള്ള പദ്ധതികളുടെ നടത്തിപ്പിലൂടെ കയർ ഉല്പാദക സഹകരണ സംഘങ്ങളിൽ പ്രവർത്തി ദിനങ്ങൾ വർദ്ധിക്കുകയും, വരുമാനം ഉറപ്പാക്കൽ പദ്ധതിയിലൂടെ മിനിമം കൂലി തൊഴിലാളികൾക്ക് നൽകുന്നതിനും സാധിക്കുന്നതാണ്. കയർപിരി മേഖലയിൽ ഉത്പ്പാദനം വർദ്ധിപ്പിക്കാനായി 8000 ത്തോളം ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും 2500 ഓളം റാട്ടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഉത്പ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ തൊഴിലാളികളുടെ തൊഴിലവസരവും വേതനവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. കയർ ജിയോ ടെക്സ്റ്റൈയിൽസ്, കയർ നീഡിൽഫെഡ്, കയർ കോമ്പോസിറ്റുകൾ എന്നിവയാണിവ. ഫോം മാറ്റിംഗ് സ് (ഇന്ത്യ) ലിമിറ്റഡിന്റെ കീഴിൽ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ